**22.01.2021 ൽ ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മറുപടി നൽകുന്നതിനായി അഡ്വ. വി.കെ.പ്രശാന്ത് MLA ചട്ടം 304 പ്രകാരം ഉന്നയിച്ച സബ്മിഷനുള്ള മറുപടി.**

**വിഷയം:** പോളിടെക്നിക്ക് കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണവും കരിയർ അഡ്വാൻസ്മെൻറ് പ്ലെയ്സമെൻറുകളും തുടങ്ങിയവ അനുവദിക്കുന്നത് - സംബന്ധിച്ച്.

പോളിടെക്നിക്ക് അദ്ധ്യാപകരുടെ 6-ാം ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ യോഗം നടത്തി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയും എൽ3/54/2020/ഉവിവ ഫയലിൽ മേൽ വിഷയം സർക്കാർ പരിശോധിച്ച് വരികയുമാണ്. പോളിടെക്നിക്ക് കോളേജ് അദ്ധ്യാപകർക്ക് 7 ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എൽ3/101/2019/ഉവിവ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭ്യമാക്കുകയും തുടർ പരിശോധനകൾക്കും ഉത്തരവിനുമായി ധനകാര്യ വകുപ്പിൻെറ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയും ചെയ്തിട്ടുണ്ട്. അതേ സമയം **പോളിടെക്നിക്ക് അദ്ധ്യാപകർക്ക് 6-ാം എ. ഐ.സി.ടി.ഇ പരിഷ്കരണത്തോടനുബന്ധിച്ചുള്ള കരിയർ അഡ്വാൻസ്മെൻറ്** പ്ലെയ്സ്മെൻറ് (CAS) നടപ്പാക്കുന്നതിന് **സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.** ഇത് സംബന്ധിച്ച് **അന്തിമ ഉത്തരവ്** ഉടൻ **പുറപ്പെടുവിക്കുന്നതാണ്.** **പോളിടെക്നിക്കുകളിൽ** വകുപ്പ മേധാവി, പ്രിൻസിപ്പാൾ, **ജോയിൻറ് ഡയറക്ടർ എന്നീ തസ്തികകളിലെ ഒഴിവുകളിലേക്ക്** സ്ഥാനക്കയറ്റം നടത്തുന്നതിലേക്കായി **ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന്** 22.01.2021 ന് ഡിപ്പാർട്ടമെൻറൽ **പ്രൊമോഷൻ കമ്മിറ്റി കൂടാൻ തീരുമാനിച്ചിട്ടുണ്ട്.**

21/1/21

21/1/21